
ഏലിയാ സ്ലീവാ മൂശക്കാലം
4-ാം ഞായർ



എമ്മാവൂസ്

# വചനദൂത്

## യേശു ദൗത്യം ആരംഭിക്കുന്നു (മത്തായി 4:12-17)

(നിമയാ. 8:11-20, ഫിലിപ്പി. 4:12-17, മത്തായി 4:12-17)

ബ്ര. സാവിയോ കുരീക്കാട്ട്

**ഈ**ശോമിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും, അപ്പോൾ പൂർത്തിയാകാനിരിക്കുന്ന ദൈവരാജ്യസംസ്ഥാപനത്തെയും അനുസ്മരിക്കുന്ന കാലഘട്ടമാണ് ഏലിയാസ്ലീവാ മൂശക്കാലം.

ഇന്ന് തിരുസഭാമാതാവ് നമ്മോട് പറഞ്ഞുതരുന്നത്, നമ്മുടെ കർത്താവായ ഈശോയുടെ ഒരു സ്വപ്നത്തെക്കുറിച്ചാണ്. അവിടുത്തെ പ്രഘോഷണത്തിന്റെയും പ്രവർത്തനത്തിന്റെയും കാതലായിരുന്ന, ഊർജ്ജസ്രോതസ്സായിരുന്ന ഒരു സ്വപ്നം. ആ സ്വപ്നമെന്നത് ഈ ഭൂമിയിൽ ദൈവത്തിന്റെ രാജ്യം സംസ്ഥാപിതമാക്കുക എന്നതായിരുന്നു. ആദിമാതാപിതാക്കൾ പാപം ചെയ്യുന്നതിനു മുമ്പ് തികച്ചും ദൈവരാജ്യ അനുഭവത്തിലായിരുന്നു ജീവിച്ചിരുന്നത്. അവർ ദൈവത്തോടൊപ്പം വസിക്കുകയും, ആ ജീവിതത്തിൽ സന്തോഷവും സമാധാനവും നിറഞ്ഞു നിന്നിരുന്നതായും ഉൽപ്പത്തി പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ നാം കാണുന്നു. പാപത്തിലൂടെ ദൈവത്തിൽ നിന്നകന്നപ്പോൾ അവർക്ക് ലഭിച്ചിരുന്ന ഈ ദൈവരാജ്യമെന്ന സൗഭാഗ്യമാണ് നഷ്ടമായത് - അവർ വഴിയായി മനുഷ്യവർഗ്ഗം മുഴുവനും. എന്നാൽ സ്നേഹനിധിയായ ദൈവം മനുഷ്യവർഗ്ഗത്തെ കൈവെടിയുവാൻ തയ്യാറായില്ല. തന്നിൽ നിന്നകന്നു പോയ മനുഷ്യവർഗ്ഗത്തെ തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുന്ന ഒരു ദൈവത്തെയാണ് പിന്നീട് നാം കാണുന്നത്. അതിനായി അവിടുന്ന് പ്രത്യേകം തിരഞ്ഞെടുത്ത ജനമായിരുന്നു ഇസ്രായേൽ ജനത. അബ്രാഹാത്തിലൂടെയും, ഇസഹാക്കിലൂടെയും, യാക്കോബിലൂടെയും അവിടുന്ന് ഒരു ജനത്തിന് രൂപം നൽകി. സീനായ് ഉടമ്പടി വഴി അവരെ തന്റെ സ്വന്തമാക്കി. പിതാക്കന്മാർക്ക് വാഗ്ദാനം ചെയ്തിരുന്ന കാനാൻദേശം അവർക്ക് സ്വന്തമായി നൽകി. ദൈവം തങ്ങൾക്ക് നൽകുവാനിരിക്കുന്ന കാനാൻദേശത്തെ സ്വന്തമാക്കുന്നതിനു മുമ്പ് കർത്താവായ ദൈവം മോശയിലൂടെ തന്റെ ജനത്തിനു നൽകുന്ന ഉപദേശമാണ് നിയമാവർത്തനപുസ്തകത്തിൽ നിന്നും വായിച്ചു കേട്ടത്. 'നിങ്ങൾക്ക് ഞാൻ നൽകുന്ന ദേശത്ത് സമൃദ്ധിയുണ്ടാവുമ്പോൾ, നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിനെ മറക്കുകയോ, ഇവയെല്ലാം നേടിത്തന്നത് എന്റെ കരബലമാണെന്ന് പറഞ്ഞ് അഹങ്കരിക്കുകയോ അരുത്. മറിച്ച്, എന്റെ കൽപനകളും ചട്ടങ്ങളും അനുസരിച്ച് ജീവിച്ചാൽ, നിങ്ങ

ളെന്നും എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും. നിങ്ങളെന്നെ ഉപേക്ഷിച്ചാൽ, നിങ്ങളുടെ മുന്നിൽ നിന്ന് ഞാൻ നിർമ്മാർജ്ജനം ചെയ്ത മറ്റ് ജനതകളെപ്പോലെ നിങ്ങളും എന്റെ മുന്നിൽ നിന്ന് പുറന്തള്ളപ്പെടും'.

പിന്നീടുള്ള ഇസ്രായേലിന്റെ ചരിത്രം നമുക്ക് സുപരിചിതമാണ്. തങ്ങളുടെ സുഖസമൃദ്ധിയിൽ അവർ ദൈവത്തെ മറന്നു. അവിടുത്തെ കൽപനകളും ചട്ടങ്ങളും ലംഘിച്ച് പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്നുപോയി. തത്ഫലമായി വീണ്ടും അടിമത്വത്തിലേക്കും വിപ്രവാസത്തിലേക്കും അവർ നയിക്കപ്പെട്ടു. എന്നാൽ കരുണാവാരിധിയായ ദൈവം മനഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായുള്ള തന്റെ പദ്ധതി ഉപേക്ഷിച്ചില്ല. പ്രവാചകന്മാരിലൂടെ അവിടുന്ന് സുസ്ഥിരമായ രക്ഷയും അതിനായി ഒരു രക്ഷകനെയും തന്റെ ജനത്തിന് വാഗ്ദാനം ചെയ്യുന്നു. ഇസ്രായേൽ ജനത്തിന്റെ പിന്നീടുള്ള ചരിത്രം ഈ രക്ഷയുടെ വാഗ്ദാനത്തെ പ്രതീക്ഷിച്ചായിരുന്നു. രക്ഷാകരമായ ഈ പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമായാണ് മത്തായി ശ്ലീഹാ ഇന്ന് ഈശോയെ അവതരിപ്പിക്കുന്നത്. ദൈവപുത്രനായ അവിടുന്ന് മനുഷ്യനായി അവതരിച്ചത് പിതാവിന്റെ ഇഷ്ടം നിറവേറ്റാനായിരുന്നു. അവിടുത്തെ ജീവിതത്തിന് ഈ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ഊണിലും ഉറക്കത്തിലും അവൻ ഒന്നേ ചിന്തിച്ചുള്ളൂ-ദൈവരാജ്യം. വായ തുറന്നാൽ ദൈവരാജ്യത്തെക്കുറിച്ചല്ലാതെ പറയാൻ മറ്റൊന്നുമുണ്ടായിരുന്നില്ല. എന്തിലും ഏതിലും അവൻ ദൈവരാജ്യത്തെ ദർശിച്ചു. കടുകുമണിയുടെ ചെടി കണ്ടപ്പോൾ അവൻ പറഞ്ഞു. 'ദൈവരാജ്യം കടുകുമണിക്കു സദൃശ്യമാണ്'. വയലിലൂടെ നടന്നപ്പോൾ അവൻ പറഞ്ഞു 'ദൈവരാജ്യം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധിപോലെയാണ്'. കടൽക്കരയിൽ ചെന്ന യേശുവിന് കടലിൽ എറിയപ്പെട്ട വല പോലെയായിരുന്നു ദൈവരാജ്യം. വീട്ടിൽ അപ്പം ഉണ്ടാക്കുവാൻ കുഴച്ചുവച്ച പുളിമാവ് കാണുവാനിടയായ ഈശോയ്ക്ക് പുളിമാവ് ദൈവരാജ്യമായിത്തീർന്നു. പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം താൻ അനുഭവിച്ചതും ഇവിടെ താൻ പകർന്നു നൽകേണ്ടതുമായ നിത്യമായ ദൈവരാജ്യം.

ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ വയ്ക്കുന്ന ഒരു ചോദ്യം ഇതാണ്. ഇന്ന് എന്റെ മനസ്സ് മുഴുവൻ നിറഞ്ഞിരിക്കുന്നത് എന്തുകാര്യമാണ്..? അതെ, സഹോദരാ/സഹോദരി എന്റെയും നിന്റെയും മനസ്സിലും ചിന്തയിലും വാക്കുകളിലും പ്രവൃത്തികളിലും നിറയെ ദൈവരാജ്യസ്വപ്നമില്ലെങ്കിൽ നീ പരാജയപ്പെട്ടു എന്നറിയുക. നിന്റെ ജീവിതവും പ്രവർത്തനങ്ങളും ഭക്ത്യാഭ്യാസങ്ങളും എല്ലാംതന്നെ അർത്ഥമില്ലാതെയാകും. എല്ലാറ്റിനും രുചി നൽകുന്ന, അർത്ഥം നൽകുന്ന ദൈവരാജ്യം എന്ന ഉപ്പ് ഉറകെടാതെ നമ്മുടെ ജീവിതത്തിൽ സൂക്ഷിക്കുവാൻ കാരുണ്യവാനായ ദൈവം ഇന്ന് തിരുവചനത്തിലൂടെ നമ്മെ ക്ഷണിക്കുന്നു.

രണ്ടാമതായി വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവപുത്രനായ ഈശോ തന്റെ പീഢാസഹന മരണോത്ഥാനത്തിലൂടെ നേടിത്തന്ന ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള മാനദണ്ഡം എന്താണ് എന്നതാണ്. ദൈവരാജ്യത്തിന് ചേരാത്ത ജീവിതശൈലികളിൽ നിന്നും മാറി ദൈവഹിതത്തിനൊത്ത ജീവിതശൈലി സ്വീകരിക്കുന്ന മാനസാന്തരത്തിലേക്കു കടന്നുവരാനുള്ള ആഹ്വാനമാണ് പ്രിയമുള്ളവരെ വചനം നമുക്ക് മുന്നിൽ വയ്ക്കുന്ന രണ്ടാമത്തെ സന്ദേശം. വി. പൗലോശ്ലീഹാ ഫിലിപ്പിയായിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നത് ഈ ജീവിതശൈലിയെക്കുറിച്ചാണ്. മാത്സര്യവും വ്യർത്ഥാഭിമാനവും ഉപേക്ഷിച്ച് യേശുവിനുണ്ടായിരുന്ന എളിമയുടെയും ശൂന്യവത്ക്കരണത്തിന്റെയും മനോഭാവം സ്വീകരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ''ദൈവമായിരുന്നിട്ടും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യനായി അവതരിച്ചു''.

മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതുകയും, അവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി, അവർക്കു വേണ്ടി ത്യാഗങ്ങൾ സഹിച്ച്, അവരെ വളർത്തുവാനും, നന്മയിൽ സന്തോഷിക്കുവാനും ശ്രമിക്കുന്ന യേശുവിനുണ്ടായിരുന്ന ഈ മനോഭാവം സ്വന്തമാക്കുവാനാണ് ഇന്ന് വി. പൗലോശ്ലീഹായും നമ്മോട് ആവശ്യപ്പെടുന്നത്. ദൈവരാജ്യത്തിന് ചേർന്ന ജീവിതശൈലിയാണിത്. നമുക്കൊരു നിമിഷം ദൈവസന്നിധിയിൽ നമ്മെത്തന്നെ ആത്മപരിശോധനയ്ക്ക് വിധേയരാക്കാം. എന്റെ മനസ്സു നിറയെ, ദൈവരാജ്യത്തിന്റെ അനുഭവങ്ങൾ എന്റെ ചുറ്റിലും പരത്തുക എന്ന ലക്ഷ്യമുണ്ടോ..? അതിനുചേർന്ന ജീവിതശൈലിയാണോ ഞാൻ പിന്തുടരുന്നത്..? എല്ലാറ്റിനുമുപരി ദൈവമഹത്വത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും ഉതകുന്ന ജീവിതത്തിനുടമയാണോ ഞാൻ..?

കുറഞ്ഞപക്ഷം ഇവയൊക്കെയും നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കുവാനുള്ള കൃപകൾക്കായി നമുക്ക് വി. ബലിയിൽ പ്രാർത്ഥിക്കാം.

ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.